


# വചനം പ്രസംഗിക്കുക; പ്രസംഗിച്ച വചനം ജീവിക്കുക

(ഫിലിപ്പി. 2:1–11; മർക്കോ. 16:14–20)

Vol. 11, Issue: 57

ബ്ര. അരുൺ കുഴിക്കാലായിൽ

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

ആരാധനാക്രമവത്സരത്തിലെ ഉയിർപ്പുകാലത്തിലാണ് നാം ആയിരിക്കുക. ഈശോയുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയുംമേൽ ഈശോ നേടുന്ന വിജയം എന്നിവ ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ യേശു തന്റെ ശിഷ്യന്മാർക്ക് പ്രേഷിതദൗത്യം നൽകുന്ന സുവിശേഷഭാഗമാണ് ഇന്ന് നാം വായിച്ചുകേട്ടത്. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16:15). ക്രിസ്ത്വാനുയായികളായി ക്രിസ്തുമാർഗ്ഗത്തിൽ ചരിക്കുന്ന എല്ലാ ക്രിസ്തുശിഷ്യരുടെയും ദൗത്യമാണ് ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപിക്കുന്നത്. ''വചനം പ്രസംഗിക്കുക; പ്രസംഗിച്ച വചനം ജീവിക്കുക.''

ഫ്രഞ്ച് കവിയും നാടകകൃത്തുമായ പോൾ ക്ലൗഡർ ഇപ്രകാരം പറയുന്നുണ്ട്: ''ആരെങ്കിലും ആവശ്യപ്പെട്ടാൽ ക്രിസ്തുവിനെപ്പറ്റി പറയുക, ക്രിസ്തുവിനെപ്പറ്റി ആളുകൾ ചോദിക്കത്തക്കവിധത്തിൽ ജീവിക്കുക.'' വാഴ്ത്തപ്പെട്ട ഗാബ്രാ മിഖായേൽ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: ''എന്നെ കൊല്ലുകയാണെങ്കിൽ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഞാൻ മരിക്കും, ജീവിക്കാൻ അനുവദിക്കുകയാണെങ്കിൽ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് ഞാൻ ജീവിക്കും.'' എന്താണ് പ്രേഷിതദൗത്യം എന്നു ചോദിച്ചാൽ വചനം പ്രസംഗിക്കുക, പ്രസംഗിച്ച വചനം ജീവിക്കുക എന്നതു തന്നെയാണ് ഉത്തരം.

ഒരുപാട് പേരുടെ നന്മകൾ തിരിച്ചറിഞ്ഞ വർഷമാണ് 2020. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സുവിശേഷം ജീവിച്ച ഒരുപാട് വ്യക്തിത്വങ്ങളെ കണ്ടുമുട്ടിയ വർഷം. പരസ്പരം സ്നേഹിക്കാൻ പഠിപ്പിച്ച ക്രിസ്തുനാഥന്റെ കൽപന സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കിയ ഒട്ടേറെ വ്യക്തിത്വങ്ങൾ. സുവിശേഷപ്രഘോഷണത്തിന് ഇതിലും വലിയ മറ്റൊരു മാതൃക നമുക്ക് ആവശ്യമില്ലല്ലോ. കൊറോണ എന്ന മഹാമാരി നമ്മുടെ ഈ കൊച്ചുകേരളത്തിൽ വന്നതു മുതൽ ഈ നിമിഷം വരെ ആ മഹാമാരിയെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്നതിനിടയിൽ സ്വന്തം ജീവിതം പോലും പണയം വച്ച് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്ന ആരോഗ്യപ്രവർത്തകർ, ഡോക്ടർമാർ, നഴ്സുമാർ, പോലീസുകാർ എന്നിവരൊക്കെ സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന് അരുൾചെയ്ത നാഥന്റെ വാക്കുകൾ സ്വജീവിതത്തിലൂടെ പ്രഘോഷിക്കുകയല്ലേ ചെയ്യുന്നത്. ഈ ദിവസങ്ങളിലെല്ലാം ടിവിയിലും പത്രത്തിലും നാം കണ്ടതാണ്, ഈ കൊറോണക്കാലത്ത് ഭക്ഷണമില്ലാതെ കഷ്ടപ്പെടുന്നവർക്ക് ഭക്ഷണം പാകം ചെയ്തു

നൽകുന്ന ഒരുപാട് സുമനസ്സുകളെ. മനുഷ്യരോടു മാത്രമല്ല, മൃഗങ്ങളോടും കാരുണ്യം കാണിക്കുന്ന സുമനസ്സുകളെ ഈ കൊറോണക്കാലം നമ്മുടെ മുന്നിൽ വെളിപ്പെടുത്തി തന്നിട്ടുണ്ട്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനാണല്ലോ ക്രിസ്തുനാഥൻ ആവശ്യപ്പെടുക. മനുഷ്യരിലേക്കും മൃഗങ്ങളിലേക്കും പ്രകൃതിയിലേക്കും ദൈവസ്നേഹം പകർന്നുനൽകാൻ, ദൈവസ്നേഹം പ്രഘോഷിക്കാൻ ഈ കൊറോണ കാലഘട്ടം നമ്മെ സഹായിച്ചു. വചനപ്രഘോഷണത്തിന്റെ അനന്തസാധ്യതകളാണല്ലോ ഈ കൊറോണ കാലഘട്ടം നമുക്ക് സമ്മാനിച്ചത്.

പോൾ ആറാമൻ മാർപാപ്പ സുവിശേഷപ്രഘോഷണത്തെ നാല് തലങ്ങളായി തിരിക്കുന്നുണ്ട്.

1. വിശുദ്ധവും സുവിശേഷാനുസൃതവുമായ ജീവിതം നയിക്കുന്നത് ഏറ്റവും ശക്തമായ സുവിശേഷപ്രഘോഷണമാണ്.

2. അനുഭവിച്ച ഈശോ എന്ന വ്യക്തിയെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് പ്രത്യക്ഷസുവിശേഷവത്ക്കരണമാണ്.

3. നമ്മുടെ ജീവിതത്തിലെ സങ്കടങ്ങളെയും വേദനകളെയും ദൈവഹിതപ്രകാരം സ്വീകരിക്കാനുള്ള സന്നദ്ധത മാതൃകാപരമായ സുവിശേഷപ്രഘോഷണമാണ്.

4. സഭയോടു ചേർന്ന് കൗദാശികജീവിതം നയിച്ച് സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരുന്നത് അർത്ഥപൂർണ്ണമായ സുവിശേഷപ്രഘോഷണമാണ്.

ശിഷ്യത്വത്തിന്റെ പൂർണ്ണതയാണ് പ്രേഷിതത്വം. ശിഷ്യനിൽ നിന്ന് പ്രേഷിതനിലേയ്ക്കുള്ള ദൂരമെന്താണ്? അത് വിശ്വാസത്തിന്റെ ദൂരമാണ്, ദൈവാനുഭവത്തിന്റെ ദൂരമാണ്. ഇതുവരെ ശാരീരികസാന്നിദ്ധ്യമായി കൂടെയുണ്ടായിരുന്ന കർത്താവ് ഇനി മുതൽ എന്റെ ഉള്ളിലൂടെയാണ് ജീവിക്കുന്നതെന്ന തിരിച്ചറിവും ബോദ്ധ്യവും അനുഭവവും വിശ്വാസവുമാണ് പ്രേഷിതനു വേണ്ടത്. ശിഷ്യൻ സമർപ്പിക്കുന്നവനും, പ്രേഷിതൻ ആ സമർപ്പണത്തെ ജീവിക്കുന്നവനുമാണ്. പ്രേഷിതദൗത്യം സാർവ്വത്രിക ദൗത്യമാണ്. പ്രേഷിതനല്ലാത്തവൻ ക്രിസ്തീയവിശ്വാസിയല്ല. ക്രിസ്തുവിന് സാക്ഷ്യം നൽകാൻ എവിടെയായിരുന്നാലും നമുക്ക് കടമയുണ്ട്. ഒരു പ്രേഷിതൻ സാക്ഷ്യം നൽകുന്നവനാണ്, വിശ്വാസം ജീവിക്കുന്നവനാണ്, ദൈവാനുഭവത്തിൽ സ്വയം അർപ്പിക്കുന്നവനാണ്, പതിവ് വഴികൾ വിട്ടുനടക്കുന്നവനാണ്, കൃപയുടെയും കരുണയുടെയും നിറകുടമാണ്, യേശുവിനെ സ്വന്തം ജീവിതത്തിൽ ആവിഷ്ക്കരിക്കുന്നവനാണ്.

ഒരു പ്രേഷിതൻ വിശുദ്ധജീവിതം നയിക്കണമെന്ന് ഇന്നത്തെ പഴയനിയമ വായനയിലൂടെ നാം വായിച്ചുകേട്ടു. തനിക്കുവേണ്ടി തന്റെ ദൂതുമായി പ്രവാചകനെ അയയ്ക്കുന്നതിനു മുമ്പ് ദൈവം പ്രവാചകനെ വിശുദ്ധീകരിക്കുന്ന ഭാഗമാണ് ഏശയ്യാ 6:1-13 ൽ നാം കണ്ടത്. പ്രവാചകന്റെ അധരത്തെ സ്പർശിക്കുക വഴി ഹൃദയത്തെ തന്നെയാണ് ദൈവം സ്പർശിക്കുന്നത്. ദൈവം സ്പർശിച്ച അധരം നല്ല സുവിശേഷം പ്രഘോഷിക്കണം. വചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ട നാമും പ്രവാചകനെപ്പോലെ വിശുദ്ധീകരിക്കപ്പെടണം. നാം വിശുദ്ധരായാലേ മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

ഒരു ഉത്തമപ്രേഷിതൻ ത്യാഗനിർഭരമായ ജീവിതം നയിക്കണമെന്ന് വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം 2-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളിലൂടെ നാം വായിച്ചുകേട്ടു. പ്രേഷിതൻ സ്വയം ശൂന്യവത്ക്കരിക്കുന്നവനും നിസ്വാർത്ഥനും തന്നേക്കാൾ ശ്രേഷ്ഠരായി മറ്റുള്ളവരെ പരിഗണിക്കുന്നവനുമാകണം.

മംഗലപ്പുഴ സെമിനാരിയിൽ പഠിക്കുന്ന കാലം. ദൈവശാസ്ത്രം പഠിക്കുന്ന ബ്രദേഴ്സിന്റെ താമസസ്ഥലത്തെ ക്രൂശിതരൂപം ശ്രദ്ധിക്കാനിടയായി. ആ ക്രൂശിതരൂപത്തിന് ഒരു പ്രത്യേകതയുണ്ട്. രണ്ടു പാദങ്ങളും രണ്ടു കൈകളുമില്ലാത്ത ക്രൂശിതരൂപം. താഴെ ഒരു പേപ്പറിൽ ഇപ്രകാരം എഴുതിയിരിക്കുന്നത് വായിക്കുവാനിടയായി: 'നന്മ ചെയ്ത് ചുറ്റി സഞ്ചരിക്കാനും കരയുന്നവനെ ആശ്വസിപ്പിക്കുവാനും അവരുടെ കണ്ണുനീർ തുടയ്ക്കാനും നിങ്ങളുടെ പാദങ്ങളും കൈകളും എനിക്ക് സമ്മാനിക്കുമോ?' ക്രിസ്തുവിന്റെ പാദങ്ങളും കൈകളുമായി നമുക്ക് അവിടുത്തേയ്ക്കായി സുവിശേഷം പ്രസംഗിക്കാനായി നമുക്ക് നമ്മെത്തന്നെ ഒരുക്കാം. പ്രിയ സഹോദരങ്ങളേ, സുവിശേഷപ്രഘോഷണം എന്റെയും നിങ്ങളുടെയും കടമയാണ്. ഉത്ഥിതനായ ക്രിസ്തു ഇന്നും ഈ ദൗത്യം നമുക്ക് സമ്മാനിക്കുന്നുണ്ട്. പരിശുദ്ധകുർബാനയാണ് പ്രേഷിതപ്രവർത്തനത്തിന് ഊർജ്ജം പകർന്നുതരിക. ഈ വിശുദ്ധ കുർബാനയിലൂടെ നമുക്ക് പ്രാർത്ഥിക്കാം... ഈശോയേ, അങ്ങയുടെ വചനം എന്റെ ജീവിതത്തിലൂടെ പ്രഘോഷിക്കാൻ എന്നെയും ശക്തനാക്കണമേ എന്ന്. സർവ്വേശ്വരൻ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ആമ്മേൻ.